# കോളേജ് ഓഫ് എഞ്ചിനീയറിംഗ് അടൂർ

നമ്പർ. 111 /2023-24/സി.ഇ.അഡ്മിൻ തീയതി : 27/09/2024

## ക്വട്ടേഷൻ നോട്ടീസ്

ക്വട്ടേഷൻ നമ്പർ.എ3/01/2023-24/സി.ഇ.എ തീയതി : 27/09/2024

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന അടൂർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് താഴെപ്പറയുന്ന നിർദ്ദേശ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കോളേജിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ ഇവിടെ എത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്തു നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ 21/10/2024 മുതൽ ഒരു വർഷത്തേയ്ക്ക് Canteen നടത്തിക്കൊണ്ടുപോകുന്നതിന് താഴെപ്പറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കുകളടങ്ങിയ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷൻ തീയതി : 27/09/2024
അവസാന തീയതി : 11/10/2024 3.30 pm
ക്വട്ടേഷൻ തുറക്കുന്നത് : 11/10/2024 4.00 pm

| ക്രമ നമ്പർ | ഇനം | | അളവുകൾ |
|---|---|---|---|
| 1 | ചായ | പാൽ ചേർത്തത് | 125ml |
| 2 | കാപ്പി | | 125ml |
| 3 | ദോശ | | 50gm കുറയാതെ |
| 4 | ഇഡലി | | 50gm കുറയാതെ |
| 5 | വെള്ളയപ്പം | | 200gm |
| 6 | അട | | 200gm |
| 7 | പൂരി 3 എണ്ണം + കറി | | 200gm |
| 8 | പുട്ട് 1 കഷണം | | 100gm |
| 9 | കടല / ഉരുളക്കിഴങ്ങ് / ഗ്രീൻപീസ് തുടങ്ങിയ കറികൾ | ചെറിയ പ്ലേറ്റ് | 150gm |
| 10 | ഉണ്ണിയപ്പം / പഴംപൊരി / സമൂസ / പരിപ്പ് വട / ഉഴുന്ന് വട | | 1 |
| 11 | പൊറോട്ട | | 1 |
| 12 | ചപ്പാത്തി | | 1 |
| 13 | മുട്ടക്കറി / മുട്ട റോസ്റ്റ് | | 1 |
| 14 | ഓംലറ്റ് | | 1 കോഴിമുട്ട |
| 15 | കോഴിക്കറി | ചെറിയ പ്ലേറ്റ് | 100gm |
| 16 | കോഴിക്കറി | വലിയ പ്ലേറ്റ് | 150gm |
| 17 | ബീഫ് കറി | ചെറിയ പ്ലേറ്റ് | 100gm |
| 18 | മട്ടൻ കറി | ചെറിയ പ്ലേറ്റ് | 100gm |
| 19 | മട്ടൻ ഫ്രൈ | ചെറിയ പ്ലേറ്റ് | 100gm |
| 20 | ചോറ് നല്ല അരികൊണ്ടുണ്ടാക്കിയത് കറികൾ മിനിമം മൂന്നെണ്ണം (ഒഴിച്ച് കറി 1, ചെറുകറികൾ 2 എണ്ണം) അച്ചാർ, പപ്പടം-1 രസം, മോര് ആവശ്യാനുസരണം, കൊണ്ടാട്ടം | | ആവശ്യത്തിന് |
| 21 | ശീതള പാനീയങ്ങൾ | | അച്ചടിച്ച വിലയ്ക്ക് |

## കരാർ വ്യവസ്ഥകൾ

1. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് പാചകത്തിൽ പ്രാവിണ്യവും വൃത്തിയും ഉണ്ടായിരിക്കണം. **Covid** വാക്സിനേഷൻ എടുത്തിരിക്കണം. ഹെൽത്ത് കാർഡ് ഉണ്ടാകണം. മറ്റ് സർക്കാർ നിബന്ധനകളും പാലിച്ചിരിക്കണം.
2. പാചകത്തിനാവശ്യമായ വെള്ളം, വൈദ്യുതി എന്നിവ കാâറനിൽ ലഭ്യമാക്കുന്നതാണ്.
3. കാâറൻ നടത്തിപ്പിനാവശ്യമായ ഹാൾ, അടുക്കള, അത്യാവശ്യം വേണ്ട കസേരകൾ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്. ഫ്രിഡ്ജ്, ഫ്രീസർ (3 സ്റ്റാറിന് മുകളിലുള്ളവ അഭികാമ്യം) കൊണ്ടുവരേണ്ടതാണ്.
4. പാചകത്തിനാവശ്യമായ ഗ്യാസ്, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മത്സ്യമാംസാദികൾ എന്നിവ മാർക്കറ്റിൽ നിന്നും ആവശ്യാനുസരണം വാങ്ങേണ്ടതാണ്.
5. കാâറനിലെ ഹാളും അടുക്കളയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ആഴ്ചയിലൊരിക്കൽ സാനിറ്റയിസ് ചെയ്യേണ്ടതും സോപ്പ് ഉപയോഗിച്ച് കഴുകേണ്ടതുമാണ്.
6. പാചകം ചെയ്യുമ്പോൾ ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. തിളപ്പിച്ച വെള്ളം/ ഫിൽട്ടർ വാട്ടർ മാത്രമെ കുടിക്കാനായി നൽകാവൂ.
7. വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങൾ തയ്യാറാക്കുന്നതിൽ പ്രവീണ്യമുണ്ടായിരിക്കണം. ഭക്ഷണസാധനങ്ങൾ നിർദ്ദിഷ്ടസമയങ്ങളിൽ നൽകുകയും, വൃത്തിയായി വിളമ്പുകയും വേണം. പപ്സും ഷവർമയും നിരോധിച്ചിരിക്കുന്നു.
8. കരാറുകാരനും, സഹായികൾക്കും അടുക്കളയിലും ഹാളിലുമല്ലാതെ മറ്റു ഓഫീസ് മുറികളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല.
9. മുകളിൽ പറഞ്ഞിരിക്കുന്ന ആഹാരസാധനങ്ങളുടെ' ഇനം തിരിച്ചുള്ള വിലകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
10. മിച്ചം വരുന്ന ആഹാരസാധനങ്ങൾ/പ്ലാസ്റ്റിക് കവറുകൾ ഒഴിഞ്ഞ കുപ്പികൾ/ചകിരി, ചിരട്ട മുതലായവ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ശുചിത്വ മിഷൻ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്കരിക്കേണ്ടതുമാണ്.
11. ഭക്ഷണത്തിടâ ഗുണനിലവാരവും, രുചിയും, സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻതന്നെ കരാർ അവസാനിപ്പിക്കുന്നതാണ്.
12. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ **500/-** രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്.
13. കോവിഡ് പ്രോട്ടോക്കോൾ, പ്രാബല്യത്തിലുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുവേണം ആഹാര സാധനങ്ങൾ വിളമ്പേണ്ടത്.
14. പാചകത്തിന് ഗ്യാസ് അടുപ്പ് ഉപയോഗിക്കണം. കാâറനിൽ ഇലക്ട്രിക് സ്റ്റവ്, ഇൻഡക്ഷൻ കുക്കർ ഇവ ഉപയോഗിക്കുവാൻ പാടില്ല.
15. കോളേജുമായി ബന്ധമില്ലാത്ത ഭക്ഷണ വിതരണ പ്രവൃത്തികൾ ഒന്നിനും തന്നെ Cateen ഉപയോഗിക്കാൻ പാടുള്ളതല്ല.
16. എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് ഈടാക്കുന്നതാണ്.
17. Cateen-കത്തുള്ള യൂട്ടിലിറ്റി സെർവീസുകൾ (വാട്ടർ ടാപ്പ്, ലൈറ്റ്, ഫാൻ) എന്നിവ കൈമാറ്റത്തിന് ശേഷം വരുന്ന തകരാറുകൾ കരാറുകാരൻ പൂർണമായും മാറ്റിത്തരേണ്ടതാണ്.
18. Canteen കമ്മറ്റിയുടെ നിർദ്ദേശാനുസരണം എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് 1000 രൂപയും ഫ്രീസർ എന്നിവ ഉപയോഗിക്കുന്നുണ്ടെങ്കിൽ അധികമായി 1000 രൂപയും Canteen നടത്തുന്നവർ കോളേജിൽ അടക്കണം

കോൺട്രാക്ട് ഉറപ്പിച്ച് കിട്ടുന്ന ആൾക്ക് ഉറപ്പിക്കുന്ന ദിവസംതന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് Rs. 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം ) പണമായി ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത കരാർ കാലാവധി തൃപ്തികരമായി തീരുന്ന പക്ഷം തുക പലിശയില്ലാതെ മടക്കിക്കൊടുക്കുന്നതാണ്. Canteen കോൺട്രാക്ട് ഉറപ്പിച്ചതായുള്ള വിവരം 2 ദിവസത്തിനകം സ്വന്തം പേരിൽ വാങ്ങിയ 200 രൂപയുടെ മുദ്ര കടലാസ്സിൽ ബന്ധപ്പെട്ട കരാർ എഴുതി സ്ഥാപന മേധാവിയ്ക്ക് നൽകിയിട്ടുവേണം പ്രവർത്തനം തുടങ്ങേണ്ടത്.

പ്രിൻസിപ്പാൾ

PRINCIPAL
College of Engineering
Manakala P.O, Adoor-691551

COLLEGE OF ENGINEERING ★ ADOOR - 691 551 ★